**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5360** **21-03-2025 - ൽ മറുപടിയ്ക്ക്**

**ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതികളിൽ ഉൾപ്പെടുത്തി എത്ര ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് വിവിധ സ്കോളർഷിപ്പുകൾ വിതരണം ചെയ്തിട്ടുണ്ട്; ഓരോ സ്കോളർഷിപ്പിലും ഓരോ വിദ്യാർത്ഥിയ്ക്കും എത്ര തുക വീതമാണ് വിതരണം ചെയ്തിട്ടുള്ളത്; വിവിധ സ്കോളർഷിപ്പ് പദ്ധതികളുടെ അടിസ്ഥാനത്തിൽ വർഷം തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ; | (എ) | ഓരോ വർഷവും സ്കോളർഷിപ്പിനായി ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന തുക, തെരഞ്ഞെടുത്ത വിദ്യാർത്ഥികളുടെ എണ്ണം, ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശം അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | ഏതെങ്കിലും വർഷം മുൻ വർഷത്തെക്കാൾ കുറവ് എണ്ണം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഉണ്ട്. 2022-23 സാമ്പത്തിക വർഷം ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ നിലവിലുള്ള സ്കോളർഷിപ്പ് വെബ് പോർട്ടൽ പുതിയ SDC സർവറിലേയ്ക്ക് മൈഗ്രേറ്റ് ചെയ്ത് ഹോസ്റ്റ് ചെയ്യുന്നതിന്റെ ഭാഗമായി സ്കോളർഷിപ്പ് വെബ് പോർട്ടലിന്റെ സെക്യൂരിറ്റി ആഡിറ്റ് നടത്തേണ്ടത് അനിവാര്യമാണെന്ന് സോഫ്റ്റ് വെയർ സപോർട്ടറായ NIC അറിയിക്കുകയും, തുടർന്ന് പ്രസ്തുത പോർട്ടൽ സോഫ്റ്റ് വെയർ ആഡിറ്റ് ഏജൻസിയായ STQC മുഖാന്തിരം സെക്യൂരിറ്റി ആഡിറ്റ് ചെയ്യുകയും, സ്കോളർഷിപ്പ് അപേക്ഷകൾ ക്ഷണിക്കുന്നതിന് കാലതാമസം നേരിടുകയും ചെയ്തിട്ടുണ്ട്. എന്നിരുന്നാലും ഈ സാമ്പത്തിക വർഷം **17,438** ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായി **₹1588.57** ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്. സ്കോളർഷിപ്പിനായി ചെലവഴിച്ച തുക മുൻവർഷത്തേക്കാൾ അധികമാണ്. |
| (സി) | നടപ്പ് സാമ്പത്തിക വർഷം ഏതെല്ലാം സ്കോളർഷിപ്പ് പദ്ധതികളുടെ തുക വിതരണം ചെയ്തിട്ടുണ്ട്; ഇനി ഏതെല്ലാം വിതരണം ചെയ്യാനുണ്ട്; യഥാസമയം സ്കോളർഷിപ്പുകൾ വിതരണം ചെയ്യാത്തതിന്റെ കാരണം എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ? | (സി) | ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന വിതരണം ചെയ്യുന്ന സ്കോളർഷിപ്പ് പദ്ധതികൾ 2023-24 സാമ്പത്തിക വർഷം വരെയും NIC പോർട്ടൽ മുഖേനയാണ് നടപ്പിലാക്കിയിരുന്നത്. 10 വർഷത്തോളം പഴക്കമായ സോഫ്റ്റ് വെയർ ആയതിനാൽ പ്രോജക്ട് നിർത്തലാക്കുന്നതായി NIC -ൽ നിന്നും അറിയിക്കുകയും, തുടർന്ന് ഇ-ഗ്രാന്റ് പോർട്ടൽ മുഖേന |

| | | | | |
|---|---|---|---|---|
| | | | | 2024-25 സാമ്പത്തിക വർഷത്തെ സ്കോളർഷിപ്പ് പദ്ധതികൾ നടപ്പിലാക്കുന്നതിന് വകുപ്പ് തലത്തിൽ തീരുമാനമെടുക്കുകയും പ്രസ്തുത പോർട്ടൽ തയ്യാറാക്കുന്നതിന് സി-ഡിറ്റ് പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ പോർട്ടൽ രൂപീകരണം പൂർത്തിയാകാത്ത സാഹചര്യത്തിൽ, മാർഗ്ഗദീപം സ്കോളർഷിപ്പ് ഒഴികെ NIC പോർട്ടൽ മുഖേന നടപ്പിലാക്കി വന്നിരുന്ന സ്കോളർഷിപ്പുകൾ നടപ്പ് സാമ്പത്തിക വർഷം കൂടി പ്രസ്തുത പോർട്ടലിൽ തന്നെ തുടരുന്നതിന് തീരുമാനം കൈക്കൊള്ളുകയും ആയതിന്റെ അടിസ്ഥാനത്തിൽ NIC പോർട്ടൽ മുഖേന അപേക്ഷ ക്ഷണിച്ച് സ്കോളർഷിപ്പുകൾ വിതരണം ചെയ്തു വരുന്നു. സ്കോളർഷിപ്പിന് അപേക്ഷിക്കാനുള്ള അവസാന തീയതി ജനപ്രതിനിധികളുടെയും സ്ഥാപനമേധാവികളുടെയും ആവശ്യത്തെതുടർന്ന് ഒന്നിലേറെ തവണ ദീർഘിപ്പിച്ചുനൽകേണ്ടിയും വന്നിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം വിതരണം ചെയ്ത സ്കോളർഷിപ്പുകളുടെ വിശദാംശം അനുബന്ധം II ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം I**

| ക്രമ. നം | സ്കോളർഷിപ്പിന്റെ പേര് | 2021-22 | | |
|---|---|---|---|---|
| | | സ്കോളർഷിപ്പ് തുക | തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക (രൂപ ലക്ഷത്തിൽ) |
| 1 | എ.പി.ജെ അബ്ദുൽ കലാം സ്കോളർഷിപ്പ് | 6000/- രൂപ | 1020 | 61.29 |
| 2 | സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ് (പുതിയത്/റിന്യൂവൽ) | ബിരുദം - 5000/- രൂപ, ബിരുദാനന്തര ബിരുദം - 6000/- രൂപ, പ്രൊഫഷണൽ - 7000/- രൂപ, ഹോസ്റ്റലർ സ്റ്റൈപന്റ് - 13,000/- രൂപ (ഇവയിൽ ഏതെങ്കിലും ഒന്ന്) | 11226 | 817 |
| 3 | ഐ.റ്റി.ഐ - ഫീ റീ ഇംമ്പേഴ്സ്മെന്റ് സ്കീം | 10000/- രൂപ | 3096 | 309.60 |
| 4 | സി.എ/സി.എം.എ/സി.എസ് സ്കോളർഷിപ്പ് | 15000/- രൂപ | 212 | 31.80 |
| 5 | പി.ജി.ഡിപ്ലോമ ഇൻ ജി.എസ്.ടി | 15000/- രൂപ | 18 | 2.70 |
| 6 | യു.ജി.സി/സി.എസ്.ഐ.ആർ-നെറ്റ് പരിശീലനം | വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത് സ്ഥാപനങ്ങൾ മുഖാന്തിരമാണ്. | 547 ( 7 batch) | 5.29 |
| 7 | എൻ.ടി.എസ്.ഇ കോച്ചിംഗ് | | 736 (3 batch) | 2.40 |
| 8 | മദർതേരസ സ്കോളർഷിപ്പ് | 15000/- രൂപ | 386 | 58.05 |
| 9 | പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ് (എസ്.എസ്.എൽ.സി, ടി.എച്ച്.എസ്.എൽ.സി, പ്ലസ് ടു, വി.എച്ച്.എസ്.ഇ, യു.ജി, പി.ജി ) | എസ് .എസ്.എൽ.സി/ പ്ലസ് ടു/ വി.എച്ച്.എസ്.ഇ വിഭാഗത്തിന് - 10,000/- രൂപയും, ബിരുദത്തിന് 80% മാർക്ക്, ബിരുദാനന്തര ബിരുദത്തിന് 75% | 4315 | 472 |

| | | | | |
|---|---|---|---|---|
| | | മാർക്ക് നേടി വിജയിച്ചവർക്ക് | | |
| 10 | സിവിൽ സർവ്വീസ് ഫീ റീ ഇംബേഴ്സ്മെന്റ് സ്കീം | കോഴ്സ് ഫീ ഇനത്തിൽ 20000/- രൂപയും, ഹോസ്റ്റൽ ഫീ ഇനത്തിൽ 10000/- രൂപയും | 53 | 10.799 |
| 11 | വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പ് | പരമാവധി 10,00,000/- രൂപ | 13 | 77.667 |
| 12 | ഇബ്രാഹീം സുലൈമാൻ സേട്ട് ഉർദു സ്കോളർഷിപ്പ് | 1000/- രൂപ | 384 | 3.84 |
| | **ആകെ** | | **22006** | **₹ 1852.45** |

| ക്രമ. നം | സ്കോളർഷിപ്പിന്റെ പേര് | 2022-23 | | |
|---|---|---|---|---|
| | | **സ്കോളർഷിപ്പ് തുക** | **തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ എണ്ണം** | **ചെലവഴിച്ച തുക (രൂപ ലക്ഷത്തിൽ)** |
| 1 | എ.പി.ജെ അബ്ദുൽ കലാം സ്കോളർഷിപ്പ് | 6000/- രൂപ | 411 | 24.66 |
| 2 | സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ് (പുതിയത്/റിന്യൂവൽ) | ബിരുദം - 5000/- രൂപ, ബിരുദാനന്തര ബിരുദം - 6000/- രൂപ, പ്രൊഫഷണൽ - 7000/- രൂപ, ഹോസ്റ്റലർ സ്റ്റൈപന്റ് - 13,000/- രൂപ (ഇവയിൽ ഏതെങ്കിലും ഒന്ന്) | 6959 | 531.88 |
| 3 | ഐ.റ്റി.ഐ - ഫീ റീ ഇംബേഴ്സ്മെന്റ് സ്കീം | 10000/- രൂപ | 3960 | 396 |
| 4 | അസാപ് മുഖേന നൈപുണ്യ പരിശീലന പദ്ധതി | 0 | 0 | 5.95 |
| 5 | സി.എ/സി.എം.എ/സി.എസ് സ്കോളർഷിപ്പ് | 15000/- രൂപ | 190 | 28.62 |
| 6 | പി.ജി.ഡിപ്ലോമ ഇൻ ജി.എസ്.ടി | 15000/- രൂപ | 6 | 0.9 |
| 7 | യു. ജി.സി/സി.എസ്.ഐ.ആർ-നെറ്റ് പരിശീലനം | വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത് സ്ഥാപനങ്ങൾ മുഖാന്തിരമാണ്. | 1000 (19 batch) | 14.91 |
| 8 | മദർതേരസ | 15000/- രൂപ | 388 | 58.31 |

| | | | | |
|---|---|---|---|---|
| | സ്കോളർഷിപ്പ് | | | |
| 9 | പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ് (എസ്.എസ്.എൽ.സി, ടി.എച്ച്.എസ്.എൽ.സി, പ്ലസ് ടു, വി.എച്ച്.എസ്.ഇ, യു.ജി, പി.ജി ) | എസ് .എസ്.എൽ.സി/ പ്ലസ് ടു/ വി.എച്ച്.എസ്.ഇ വിഭാഗത്തിന് - 10,000/- രൂപയും, ബിരുദത്തിന് 80% മാർക്ക്, ബിരുദാനന്തര ബിരുദത്തിന് 75% മാർക്ക് നേടി വിജയിച്ചവർക്ക് 15000/- രൂപയും | 4248 | 461.95 |
| 10 | സിവിൽ സർവ്വീസ് ഫീ റീ ഇംമ്പേഴ്സ്മെന്റ് സ്കീം | കോഴ്സ് ഫീ ഇനത്തിൽ 20000/- രൂപയും, ഹോസ്റ്റൽ ഫീ ഇനത്തിൽ 10000/- രൂപയും | 55 | 10.47 |
| 11 | വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പ് | പരമാവധി 5,00,000/- രൂപ | 73 | 53.45 |
| 12 | ഇബ്രാഹീം സുലൈമാൻ സേട്ട് ഉർദു സ്കോളർഷിപ്പ് | 1000/- രൂപ | 148 | 1.48 |
| | **ആകെ** | | **17438** | **₹ 1588.57** |

| ക്രമ. നം | സ്കോളർഷിപ്പിന്റെ പേര് | 2023-24 | | |
|---|---|---|---|---|
| | | **സ്കോളർഷിപ്പ് തുക** | **തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ എണ്ണം** | **ചെലവഴിച്ച തുക (രൂപ ലക്ഷത്തിൽ)** |
| 1 | എ.പി.ജെ അബ്ദുൽ കലാം സ്കോളർഷിപ്പ് | 6000/- രൂപ | 1164 | 70.53 |
| 2 | സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ് (പുതിയത്/റിന്യൂവൽ) | ബിരുദം - 5000/- രൂപ, ബിരുദാനന്തര ബിരുദം - 6000/- രൂപ, പ്രൊഫഷണൽ - 7000/- രൂപ, ഹോസ്റ്റലർ സ്റ്റൈപന്റ് - 13,000/- രൂപ | 7987 | 648 |

| | | | | |
|---|---|---|---|---|
| 4 | അസാപ് മുഖേന നൈപുണ്യ പരിശീലന പദ്ധതി | | 10 | 13.8238 |
| 5 | സി.എ/സി.എം.എ/സി.എസ് സ്കോളർഷിപ്പ് | 15000/- രൂപ | 331 | 50.55 |
| 6 | യു. ജി.സി/സി.എസ്.ഐ.ആർ- നെറ്റ് പരിശീലനം | വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത് സ്ഥാപനങ്ങൾ മുഖാന്തിരമാണ്. | 1500 (23 batch) | 16.57 |
| 7 | IITs, IIM, IISc, IMSc എന്നീ ഉന്നത സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 50,000/- രൂപ | 35 | 17.5 |
| 8 | മദർതെരസ സ്കോളർഷിപ്പ് | 15000/- രൂപ | 445 | 67.35 |
| 9 | പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ് (എസ്.എസ്.എൽ.സി, ടി.എച്ച്.എസ്.എൽ.സി, പ്ലസ് ടു, വി.എച്ച്.എസ്.ഇ, യു.ജി, പി.ജി ) | എസ്.എസ്.എൽ.സി/ പ്ലസ് ടൂ/ വി.എച്ച്.എസ്.ഇ വിഭാഗത്തിന് - 10,000/- രൂപയും, ബിരുദത്തിന് 80% മാർക്ക്, ബിരുദാനന്തര ബിരുദത്തിന് 75% മാർക്ക് നേടി വിജയിച്ചവർക്ക് 15000/- രൂപയും | 4315 | 472 |
| 10 | സിവിൽ സർവ്വീസ് ഫീ റീ ഇംബേഴ്സ്മെന്റ് സ്കീം | കോഴ്സ് ഫീ ഇനത്തിൽ 20000/- രൂപയും, ഹോസ്റ്റൽ ഫീ ഇനത്തിൽ 10000/- രൂപയും | 63 | 17.16 |
| 11 | വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പ് | പരമാവധി 5,00,000/- രൂപ | 30 | 146.61 |
| 12 | ഇബ്രാഹീം സുലൈമാൻ സേട്ട് ഉർദ്ദു സ്കോളർഷിപ്പ് | 1000/- രൂപ | 416 | 4.16 |
| | **ആകെ** | | **20075** | **₹ 1905.65** |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**

## അനുബന്ധം II

| ക്രമ. നം | സ്കോളർഷിപ്പ് പേര് | ചെലവഴിച്ച തുക (2024-25)(രൂപ ലക്ഷത്തിൽ) | തെരഞ്ഞെടുത്ത വിദ്യാർത്ഥികളുടെ എണ്ണം (2024-25) | റിമാർക്ക്സ് |
|---|---|---|---|---|
| 1 | സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ് (റിന്യൂവൽ) | 344.41 | 4041 | പൂർത്തീകരിച്ചു |
| | സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ് (പുതിയത്) | 401.85 | 4981 | പൂർത്തീകരിച്ചു |
| 2 | പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ് | 524 | 4815 | പൂർത്തീകരിച്ചു |
| 3 | IITs, IIM, IISc, IMSc എന്നീ ഉന്നത സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 18 | 36 | പൂർത്തീകരിച്ചു |
| 4 | സി. എ/സി. എം.എ/സി.എസ് സ്കോളർഷിപ്പ് | 57.67468 | 384 | പൂർത്തീകരിച്ചു |
| 5 | യു. ജി. സി/ സി.എസ്.ഐ.ആർ-നെറ്റ് പരിശീലനം | 7.8783 | 500 | underfinal process |
| 6 | മദർതെരേസ സ്കോളർഷിപ്പ് | 60.7838 | 402 | പൂർത്തീകരിച്ചു |
| 7 | എ.പി.ജെ അബ്ദുൽ കലാം സ്കോളർഷിപ്പ് | 40.62 | 677 | പൂർത്തീകരിച്ചു |
| 8 | ഐ.റ്റി.ഐ - ഫീ റീ ഇംബേഴ്സ്മെന്റ് സ്കീം | 396.3 | 3943 | പൂർത്തീകരിച്ചു |
| 9 | സിവിൽ സർവ്വീസ് ഫീ റീ ഇംബേഴ്സ്മെന്റ് സ്കീം | 5.5525 | 33 | പൂർത്തീകരിച്ചു |
| 10 | വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പ് | 144.26394 | 30 | പൂർത്തീകരിച്ചു |
| 11 | നൈപുണ്യ പരിശീലന പദ്ധതി | | | ഡയറക്ടറും KASE പ്രതിനിധിയുമായി |

| | | | | |
|---|---|---|---|---|
| | | | | കരാർ ഒപ്പിടുകയും അഡ്വാൻസ് തുക (32 ലക്ഷം) നൽകുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| 12 | മാർഗ്ഗദീപം സ്കോളർഷിപ്പ് | 0 | 0 | വിദ്യാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുകയും, വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനും സ്കോളർഷിപ്പ് തുക അനുവദിക്കുന്നതിനുമുള്ള നടപടികൾ അന്തിമ ഘട്ടത്തിലുമാണ്. |
| 13 | ഇബ്രാഹീം സുലൈമാൻ സേട്ട് ഉർദു സ്കോളർഷിപ്പ് | 0 | 0 | വിദ്യാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുകയും, വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനും സ്കോളർഷിപ്പ് തുക അനുവദിക്കുന്നതിനുമുള്ള നടപടികൾ അന്തിമ ഘട്ടത്തിലുമാണ്. |
| **ആകെ** | | **₹2001.33322** | **19842** | |

**സെക്ഷൻ ഓഫീസർ**